LIBRARY ARCHIVES Kerala Legislative Assembly

എച്ച്.എസ്.എ. ഇംഗ്ലീഷ് ടീച്ചർ

341 [2399] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. (ഇംഗ്ലീഷ്) ടീച്ചർക്ക് ഉണ്ടായിരിക്കേണ്ടതായ വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ മറ്റു വിഷയങ്ങളിൽ എച്ച്.എസ്.എ.-മാരായവർക്ക് എച്ച്.എസ്.എ. (ഇംഗ്ലീഷ്) ആയി കൺവെർട്ട് ചെയ്യുന്നതിന് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രൈമറി സ്കൂൾ ടീച്ചർമാർക്ക് എച്ച്.എസ്.എ. ആയി പ്രൊമോഷൻ നൽകുന്നതിന് ഉള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലുമുള്ള ബിരുദവും ഇംഗ്ലീഷ് ബി.എഡ്.-ഉം ആണ് എച്ച്.എസ്.എ.-ക്ക് (ഇംഗ്ലീഷ്) ഉണ്ടായിരിക്കേണ്ട വിദ്യാഭ്യാസ യോഗ്യതകൾ.

(ബി) ഉത്തരവ് നിലവിലുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) എച്ച്.എസ്.എ. (ഇംഗ്ലീഷ്) നിയമനത്തിൽ മൊത്തം ഒഴിവുകളിൽ 30 ശതമാനം പ്രൈമറി സ്കൂൾ ടീച്ചർമാരുടെ പ്രൊമോഷൻ വഴി നിയമിക്കപ്പെടാൻ നീക്കിവച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യക്തമായ ഉത്തരവ് നിലവിലുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എച്ച്.എസ്.എ.-മാരെ മോഡൽ റസിഡൻഷ്യൽ സ്കൂൾ മാനേജർ-കം-സൂപ്രണ്ടായി നിയമിക്കുന്ന നടപടി

342 [2400] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മാനേജർ-കം-റസിഡന്റ് ട്യൂട്ടർ തസ്തികയിലേയ്ക്ക് മാറ്റി നിയമനം നൽകുന്ന വിദ്യാഭ്യാസ വകുപ്പ് നടപടി ഉചിതമാണോ എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ തസ്തികകൾ സമാന തസ്തികയാണോ എന്നും സമാനജോലി സ്വഭാവമുള്ളതാണോയെന്നും ശമ്പള സ്കെയിൽ തുല്യമാണോ എന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം മാറ്റി നിയമിക്കുമ്പോൾ ഉദ്യോഗാർത്ഥികളുടെ സമ്മതം ആവശ്യപ്പെടാറുണ്ടോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരം കോഴിക്കോട് ജില്ലയിൽ റീപോസ്റ്റിംഗ് നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ റീ പോസ്റ്റിംഗിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹൈസ്ക്കൂൾ ഗ്രാഡ്വുവേറ്റ് അദ്ധ്യാപകരിൽ നിന്നും നിയമനം നടത്തേണ്ട ഈ തസ്തികയിലേക്ക് സർവീസിലുള്ള ആരും അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ, പുതുതായി എച്ച്.എസ്.എ.-മാരെ പി.എസ്.സി. വഴി നിയമനം നടത്തിയപ്പോൾ ലിസ്റ്റിൽ ലഭ്യമായിരുന്ന ഏക പുരുഷ ഉദ്യോഗാർത്ഥിയെ ഈ തസ്തികയിൽ എച്ച്.എസ്.എ. ആയി നിയമിക്കുകയാണുണ്ടായത്.

(ബി) അദ്ധ്യാപനം തന്നെയാണ് ഈ തസ്തികയിലെ വ്യക്തിയുടെ പ്രധാന ചുമതല എന്നതിനാൽ ഈ തസ്തിക സമാന ജോലി സ്വഭാവമുള്ളതായി കണക്കാക്കാം. ഈ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് തസ്തികയിലെ ശമ്പള സ്കെയിലിന് പുറമെ 250 രൂപ പ്രത്യേക ഹോണറേറിയം അധികമായി നിശ്ചയിച്ചിട്ടുണ്ട്.

(സി) സർവീസിലുള്ള അദ്ധ്യാപകരാരും ഇതിന് താൽപ്പര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിലാണ് പുതിയ പി.എസ്.സി. നിയമനം നടത്തിയത്.

(ഡി) ഉണ്ട്.

(ഇ) ഈ തസ്തികയിൽ നിയമനത്തിന് സന്നദ്ധരായി മറ്റാരെങ്കിലും അപേക്ഷിക്കുകയോ അല്ലെങ്കിൽ പുതുതായി പി.എസ്.സി. നിയമനം നടത്തുമ്പോഴോ ഇപ്പോൾ നിയമിച്ച വ്യക്തിയെ മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly